"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലാ പഞ്ചായത്ത് -2025 മാർച്ചിലെ പത്താംക്ലാസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ വയനാട് ജില്ലയിലെ വിദ്യാർത്ഥികളെ ആദരിക്കൽ - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2150/2025/LSGD    തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:- 1. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 08.07.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

2025 മാർച്ച് മാസം നടന്ന പത്താം ക്ലാസ്സ് പരീക്ഷയിൽ വയനാട് ജില്ല ഉന്നത വിജയം കൈവരിക്കുകയുണ്ടായെന്നും ജില്ലയിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നെന്നും ഈ സാഹചര്യത്തിൽ ഇപ്രകാരം വിജയം കൈവരിച്ചവരെ ആദരിക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പരിപാടി സംഘടിപ്പിക്കുന്നെന്നും ആയതിലേയ്ക്ക് തനത് ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്താം ക്ലാസിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെയും 100% വിജയം കൈവരിച്ച വിദ്യാലയങ്ങളെയും ആദരിക്കുന്നതിനുള്ള ചെലവിലേക്കായി വയനാട് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ₹2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സിവിൽ സ്റ്റേഷൻ, വയനാട്, കൽപ്പറ്റ നോർത്ത്, 673122
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 30-08-2025 15:40:53

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.